PROCEEDINGS OF
THE KERALA LEGISLATIVE ASSEMBLY

Second Session—1963

(Second Meeting)

Wednesday, the 4th December 1963

Vol. XVII] **OFFICIAL REPORT** **[No. 40**

The Assembly met in the Assembly Chamber, Trivandrum, at Eight of the Clock on Wednesday, the 4th December, 1963, with Mr. Speaker in the Chair.

SHORT NOTICE QUESTIONS AND ANSWERS

ശ്രീ ശങ്കരാ കോളേജ് പൂട്ടിയിട്ട സംഭവം.

* 912. [53] ശ്രീ. കെ ആർ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) ശ്രീ ശങ്കരാ കോളേജ് അനിശ്ചിതകാലത്തേക്ക് അടച്ചുപൂട്ടിയിട്ടതായ സംഭവം ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരം ഒരു നടപടി സ്വീകരിക്കാൻ ഉണ്ടായ കാരണം എന്തു്;

(സി) വിദ്യാർത്ഥികളുടെ ഭാവിയെ സാരമായി ബാധിക്കുന്ന ഈ പ്രശ്നത്തിൽ ഗവണ്മെന്റ് എന്തു നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ) ശ്രദ്ധയിൽ പെട്ടിട്ടുണ്ടു്.

(ബി) കോളേജ് അധികാരികളിൽ നിന്നു് ഇതിനെപ്പറ്റി പൂർണ്ണമായ വിവരങ്ങൾ ലഭിച്ചിട്ടില്ല. പൂർണ്ണമായ വിവരങ്ങൾ നൽകാൻ പ്രിൻസിപ്പാളിനോടു് യൂണിവേഴ്സിറ്റി ആവശ്യപ്പെട്ടിട്ടുണ്ടു്.

(സി) പൂർണ്ണമായ വിവരങ്ങൾ കിട്ടിയാൽ ഉടൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണു്.

ശ്രീമതി ഓ. ടി. ശാരദാകൃഷ്ണൻ: ഈ വർഷത്തിൽ മൂന്നാമത്തെ തവണയാണു് ഈ കോളേജ് അടച്ചിടുന്നതെന്നു് അറിയുന്നു. മാനേജ്മെന്റും വിദ്യാർത്ഥികളും തമ്മിലുള്ള സ്വരച്ചേർച്ചയില്ലായ്മയാണു് ഇതിനു കാരണമെന്നു് കാണുന്നു. ഇതിനു് ഒരു പരിഹാരം കാണുമോ?

ശ്രീ. ആർ. ശങ്കർ: മാനേജ്മെന്റും വിദ്യാർത്ഥികളും തമ്മിലുള്ള തർക്കമല്ല, മാനേജ്മെന്റും അദ്ധ്യാപകരും തമ്മിൽ ഗുരുതരമായ അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടെന്നാണു് അറിയുന്നതു്.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ: ഇക്കൊല്ലം മൂന്നുപ്രാവശ്യം പൂട്ടിയിട്ടെന്നു മാത്രമല്ല കഴിഞ്ഞ നാലഞ്ചുകൊല്ലമായി ഇടക്കിടയ്ക്കു പൂട്ടിയിട്ടതായി പത്രങ്ങളിൽ നിന്നും അറിയാൻ കഴിഞ്ഞു. അതിനെസംബന്ധിച്ചു് ഗവണ്മെന്റ് അന്വേഷണം നടത്തിയിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ശങ്കർ: കുറെക്കാലമായി അവിടെ ചില തകരാറുകൾ ഉണ്ട്. ആ കോളേജിന്റെ ആദ്യത്തെ മാനേജ്മെന്റു മാറി ഇടയ്ക്കൊരു മാനേജ്മെന്റ് വരാനിടയായതുതന്നെ അപ്പോഴത്തെ കുഴപ്പങ്ങൾ പരിഹരിക്കുന്നതിനുദ്ദേശിച്ചാണ്. പിന്നെയും കുഴപ്പം തുടർന്നുകൊണ്ടിരിക്കുകയാണ് ചെയ്യുന്നത്. ഇനിയും ഈ കുഴപ്പങ്ങൾ തുടർന്നുകൊണ്ടുപോയി കുട്ടികളുടെ വിദ്യാഭ്യാസത്തെ സാരമായി ബാധിക്കാതിരിക്കുന്നതിന് യൂണിവേഴ്സിറ്റി ഇടപെടുന്നുണ്ട്. ഗവണ്മെന്റ് ഇടപെടേണ്ട സന്ദർഭം വന്നാൽ ഇടപെടുന്നതാണ്.

ശ്രീ. കെ. കൃഷ്ണപിള്ള: അടുത്തുതന്നെ കോളേജ് തുറന്നു പ്രവർത്തനം ആരംഭിക്കുമെന്നുള്ള തീരുമാനം പത്രങ്ങളിൽക്കണ്ടു. ഇതുവരെ അടച്ചിട്ടതു് എന്തുകൊണ്ടാണെന്നു് ഗവണ്മെന്റിനു ശരിയായി മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ലെന്നു പറയുകയുണ്ടായി. ശരിയായ വിവരങ്ങൾ കിട്ടാനുള്ള തടസ്സങ്ങൾ എന്താണു്?

ശ്രീ. ആർ. ശങ്കർ: ഇതു് യൂണിവേഴ്സിറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന ഒരു സഹകാര്യ മാനേജ്മെന്റു കോളേജാണു്. യൂണിവേഴ്സിറ്റിവഴിയാണു് ഗവണ്മെന്റു് വിവരങ്ങൾ ശേഖരിക്കുന്നതു്. യൂണിവേഴ്സിറ്റിയിൽ നിന്നും തരുന്ന വിവരങ്ങൾ വച്ചേ ഗവണ്മെന്റിനു മറുപടി പറയാൻ സാധിക്കുകയുള്ളൂ.

ശ്രീ. ഈ. പി. ഗോപാലൻ: മാനേജ്മെന്റും അവിടെ പ്രവർത്തിക്കുന്ന അദ്ധ്യാപകരും തമ്മിൽ ശമ്പളം, സർവീസ് കണ്ടിഷൻസ് എന്നിവ സംബന്ധിച്ച് ഇന്നു തർക്കങ്ങൾ നിലവിലുണ്ട്. ഇക്കാര്യത്തിൽ അദ്ധ്യാപകരുടെ അവകാശങ്ങൾ നിലവിലുള്ള നിയമമനുസരിച്ച് സംരക്ഷിച്ചുകൊടുക്കേണ്ട ചുമതല ഗവണ്മെന്റിനില്ലേ? യൂണിവേഴ്സിറ്റിക്കാണു് ചുമതലയെന്നു പറഞ്ഞു ഗവണ്മെന്റ് നിഷ്പക്ഷത പാലിച്ചിരിക്കുന്നതു ശരിയാണോ? ഗവണ്മെന്റ് ഉടൻതന്നെ വേണ്ട നടപടികളെടുക്കുമോ?

ശ്രീ. ആർ. ശങ്കർ: പ്രൈവറ്റു കോളേജുകളെ സംബന്ധിച്ചിടത്തോളം ഗവണ്മെന്റിന് നേരിട്ടുള്ള ഇടപാടുകളില്ല. എല്ലാം യൂണിവേഴ്സിറ്റി വഴിയാണ് നടത്തുന്നതു്. എന്തെങ്കിലും വളരെ ഗുരുതരമായ അവസ്ഥ സംജാതമായി ഗവണ്മെന്റ് സ്വന്തമായ അധികാരങ്ങൾ ഉപയോഗിച്ച് ഇടപെട്ടേ മതിയാകൂ എന്നുതോന്നിയാൽ അതിനെപ്പറ്റി ആലോചിക്കുമെന്നല്ലാതെ സാധാരണഗതിയിൽ യൂണിവേഴ്സിറ്റി വഴിയല്ലാതെ ഈ കോളേജുകളുമായി ഏർപ്പാടുകളൊന്നുമില്ല.

ശ്രീ. എം. നാരായണക്കുറുപ്പ്: ലോകപ്രസിദ്ധനായ ഒരു മഹാന്റെ ജന്മസ്ഥലത്തു് അദ്ദേഹത്തിന്റെ നാമധേയത്തിൽ നടത്തിവരുന്ന ഈ കോളേജ് ഗവണ്മെന്റ് ഏറ്റെടുത്തു് ഒരു മാതൃകാസ്ഥാപനമായി നടത്തുവാൻ ശ്രമിക്കുന്നുണ്ടെന്നകാര്യത്തെപ്പറ്റി ആലോചിക്കുമോ?

ശ്രീ. ആർ. ശങ്കർ: അങ്ങനെ ഒരു പ്രശ്നം ഇതുവരെ ഉദിച്ചിട്ടില്ല.

റോക്കറ്റു വിക്ഷേപണം സംബന്ധിച്ചു സംസ്ഥാനഗവണ്മെന്റിന്റെ പ്രമേയങ്ങൾ.

* 913. [54] ശ്രീ. എം. എം. മണിയായി: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുമ്പയിൽനിന്നും ഇക്കഴിഞ്ഞ 21-ാം തീയതി നടത്തിയ റോക്കറ്റു വിക്ഷേപണം സംബന്ധിച്ചു് ഈ ഗവണ്മെന്റിനു് എന്തെങ്കിലും പ്രമേയങ്ങൾ കൊണ്ടുവരികയുണ്ടായോ; ഉണ്ടെങ്കിൽ എന്തെല്ലാമാണു്;

(ബി) റോക്കറ്റു വിക്ഷേപണം സംബന്ധിച്ചു് ഈ ഗവണ്മെന്റിനു വല്ല ചെലവുകളുമുണ്ടായോ;

(സി) വിക്ഷേപണകേന്ദ്രത്തിൽ സംസ്ഥാന ഉദ്യോഗസ്ഥന്മാർ ആരെങ്കിലും ഉണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly